**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1772** **20-06-2024 - ൽ മറുപടിയ്ക്ക്**

**ബി.ടെക് കോഴ്സുകളുടെ കരിക്കുലം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എം.വിജിൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബി.ടെക് കോഴ്സുകളുടെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ഗവേഷണാഭിമുഖ്യം വളർത്തുന്നതിനും പുതിയ കരിക്കുലം വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശം നൽകുമോ; | (ബി) | അതിനൂതനവും വിദ്യാർഥി കേന്ദ്രീകൃതവുമായ പരിഷ്കരിച്ച ബി.ടെക്. പാഠ്യപദ്ധതിയ്ക്ക് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല തുടക്കമിടുകയാണ്. വ്യവസായ സഹകരണം, പ്രോജക്ട് അടിസ്ഥാനമാക്കിയുള്ള പഠനം, സാമൂഹിക പ്രസക്തിയുള്ള പ്രോജക്ടുകൾ എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.<br><br>ബഹുമുഖ തൊഴിലുകൾക്കായി സജ്ജരാകുന്ന പുതുതലമുറ എൻജിനിയർമാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പരിഷ്കരിച്ച പാഠ്യപദ്ധതി ഡിജിറ്റൽ ടൂളുകൾ, സംരംഭകത്വ വൈദഗ്ധ്യം, അന്താരാഷ്ട്ര മത്സരക്ഷമത എന്നിവയിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നു .<br><br>പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ചില പ്രധാന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• തൊഴിലന്വേഷകർ എന്നതിലുപരി വിദ്യാർഥികളെ വ്യവസായസജ്ജരും തൊഴിൽ ദാതാക്കളുമാക്കാനായി വ്യവസായ മേഖലയുമായി കൈകോർക്കുന്നതിനും സിലബസ് രൂപീകരണത്തിൽ അക്കാദമിക-വ്യവസായ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പുതിയ കരിക്കുലം വിഭാവനം ചെയ്യുന്നു.<br>• നാസ്കോം (നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ് വേർ ആൻഡ് സർവീസ് കമ്പനീസ്), കെ-ഡിസ്ക് (കേരള ഡിവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ |

| | | | |
|---|---|---|---|
| | | | സ്റ്റാറ്റജിക് കൗൺസിൽ) കെ.എസ്.യു.എം. (കേരള സ്റ്റാർട്ടപ്പ് മിഷൻ) തുടങ്ങിയ സർക്കാർ, സർക്കാരിതര സംരംഭങ്ങളുടെ സഹായത്തോടെ പ്രോജക്ട് അധിഷ്ഠിത പഠനം നടപ്പിലാക്കുന്നു.<br>• നവീന സാങ്കേതികവിദ്യകളിൽ അവബോധം ഉറപ്പാക്കാൻ എല്ലാ പഠന ശാഖകളിലും എ.ഐ.(ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ്) ഡാറ്റാ സയൻസും ഉൾക്കൊള്ളിച്ചിരിക്കുന്നു.<br>• ഏഴ് അല്ലെങ്കിൽ എട്ട് സെമെസ്റ്ററുകളിൽ നാല് മാസം മുതൽ ആറ് മാസം വരെ വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഇന്റൺഷിപ്പ് ചെയ്യാം.<br>• പാഠ്യ വിഷയങ്ങൾ പഠിക്കാതെതന്നെ അക്കാദമിക് ക്രെഡിറ്റുകൾ നേടുന്നതിന് പുതിയ പാഠ്യപദ്ധതിയിൽ "ചലഞ്ച് കോഴ്സുകൾ" ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണയോടെ സംരംഭകത്വം, ബൗദ്ധിക സ്വത്തവകാശം എന്നിവയെക്കുറിച്ച് കൂടുതൽ മനസിലാക്കുവാൻ ഉതകുന്ന കോഴ്സുകൾ ഉൾകൊള്ളിച്ചിട്ടുണ്ട്.<br>• സംരംഭകത്വം മൈനർ വിഷയമായി പഠിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുസൃതമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും അവസരമുണ്ട്. |
| (സി) | പ്രാദേശിക വികസനത്തിനായുള്ള വിവിധ പ്രോജക്ടുകളിൽ എൻജിനീയറിംഗ് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനും അതിലൂടെ വിദ്യാർത്ഥികളിൽ സാമൂഹ്യബോധവും തൊഴിൽ ആഭിമുഖ്യവും വളർത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആരംഭിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | 2024-25 അക്കാദമിക വർഷം പരിഷ്കരിച്ച ബി.ടെക് പാഠ്യപദ്ധതിയിൽ സാമൂഹിക പ്രസക്തിയുള്ള മിനി പ്രൊജക്റ്റ് എന്ന നിർബന്ധിത കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. കെ-ഡിസ്ക് തുടങ്ങിയ സർക്കാർ സഹകരണ സ്ഥാപനങ്ങളോടുകൂടി ചേർന്ന് കേരളത്തിലെ വിവിധ ജനവിഭാഗങ്ങൾക്ക് ഉതകുന്ന പ്രോജെക്ടുകൾ കണ്ടെത്തുകയും അത് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിലൂടെ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ